# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## നവകേരളത്തിന് ജനകീയാസൂത്രണം

# ബജറ്റ്

## 2026 - 2027

**അവതരണം – ശ്രീമതി വി വി വനജാക്ഷി**

വൈസ് പ്രസിഡണ്ട് കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

26 ഫെബ്രുവരി 2026 രാവിലെ 11 മണി

# ആമുഖം

കേരള വികസനത്തിന്റെ മുഖമായ ജനകീയാസൂത്രണത്തിലൂടെ ഏതാണ്ട് പൂർണ്ണമായി തന്നെ താഴെത്തട്ടിൽ ആസൂത്രണപരവും ധനപരവും ഭരണപരവുമായ വികേന്ദ്രീകരണം സാദ്ധ്യമായി. നിയമങ്ങളിലൂടെയും ഉത്തരവുകളിലൂടെയും അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകപ്പെടുകയും ധനപരമായ വികേന്ദ്രീകരണം ബജറ്റിന്റെ ഭാഗമായി നടപ്പിലാക്കുകയും ചെയ്തു .

സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഭരണഘടന നിഷ്ക്കർഷിക്കുന്ന അവകാശങ്ങൾ നൽകി അവരെ സംരക്ഷിച്ച് സാമൂഹ്യ പുരോഗതിക്കൊപ്പം എത്തിക്കുന്ന നയമാണ് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ചെയ്ത് പോന്നിട്ടുള്ളത്. ഇരുളടഞ്ഞ കാലഘട്ടത്തിൽ മാറ്റി നിർത്തപ്പെട്ട പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന് വികസന ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഉറപ്പാക്കിയത് ജനകീയാസൂത്രണമാണ്.

പ്രാദേശിക വികസനത്തിനാവശ്യമായ വിഭവങ്ങൾ മിക്കതും ലഭ്യമാകുന്നത് പ്രാദേശികതലത്തിൽ തന്നെയായിരിക്കും. അവയെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും ജനപങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന് സാധിക്കേണ്ടതുണ്ട് .

ജനകീയാസൂത്രണത്തിന്റെ ഇരുപത്തി ഒമ്പത് വർഷത്തെ അനുഭവങ്ങൾ നമ്മൾ വിലയിരുത്തുകയുണ്ടായി. എല്ലാ മേഖലയിലും വലിയ മുന്നേറ്റം ഈ കാലയളവിൽ നമുക്ക് ഒരുക്കാനായിട്ടുണ്ടെങ്കിലും നമ്മുടെ ആവശ്യങ്ങളും സാധ്യതകളും ഇനിയുമേറെയാണ്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടും ജനക്ഷേമം ഉറപ്പു വരുത്തിയും പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ കൈപിടിച്ചുയർത്താനും മണ്ണിനെയും പരിതസ്ഥിതിയെയും ജൈവവൈവിധ്യങ്ങളെയും സംരക്ഷിച്ചും നമ്മുടെ പരിമിതികളെ മറികടക്കാനുള്ള പരിശ്രമമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

ആസൂത്രണത്തിന്റെ തുടർച്ചയും ജനാധിപത്യത്തോടുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രതിബദ്ധതയും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ട്. ആസൂത്രണം എന്നത് നാടിന്റെ വികസന മുൻഗണനകൾ ജനാധിപത്യപരമായി തീരുമാനിക്കാനുള്ള ഒരു മാർഗ്ഗമാണ്. വികസന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ട് വിശദമായ ചർച്ചക്ക് വിധേയമാക്കി സുതാര്യമായി

നടപ്പിലാക്കുന്ന രീതിയാണ് ആസൂത്രണത്തെ പ്രസക്തമാക്കുന്നത്. കേരളത്തിലെ വികേന്ദ്രീകരണത്തിന്റെ ഏറ്റവും സവിശേഷമായ ഘടകം സുതാര്യവും സമത്വവും മാനദണ്ഡങ്ങളിൽ അധിഷ്ഠതമായ ധനകാര്യ വികേന്ദ്രീകരണവുമാണ് .

പരിമിതമായ വിഭവങ്ങളും അപരിമിതമായ ആവശ്യങ്ങളുമാണ് വികസന ക്ഷേമ പ്രവർത്തനങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനുള്ള ആസൂത്രണമാണ് നമുക്ക് വേണ്ടത്.

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2026 –2027 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ആവശ്യങ്ങളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ വിഭവങ്ങൾ പരിമിതമാണെങ്കിലും സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന ലക്ഷ്യസാക്ഷാത്കാരത്തോടൊപ്പം തന്നെ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള ബജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത് .

സംസ്ഥാന ബജറ്റ് വിഹിതവും കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റും മെയിന്റൻസ് ഗ്രാന്റും ഉൾപ്പെടെയുള്ള വിഹിതങ്ങൾ സർക്കാർ നിബന്ധനകൾക്ക് ഉള്ളിൽ നിന്ന് തന്നെ ചെലവഴിക്കേണ്ടതുണ്ട് എന്നിരുന്നാലും ഇവയുടെ നീതിയുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളുടെ പൂർത്തീകരണമായി ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു .

മേൽ തട്ട് പഞ്ചായത്ത് ഘടകങ്ങളുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുള്ള സംയോജിത പദ്ധതികൾ തുടർന്നും നടത്തേണ്ടതുണ്ട്. സംയോജിത പദ്ധതികൾക്ക് പരസ്പരധാരണയോടെ മുൻകൂർ അനുമതികൾ ഉറപ്പു വരുത്തുന്നത് പദ്ധതി നിർവ്വഹണത്തിൽ ഗുണകരമാണ്. കേന്ദ്ര–സംസ്ഥാന സർക്കാറുകളും ഏജൻസികളുമായി ചേർന്നും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

പഞ്ചവത്സര പദ്ധതികളേയും വാർഷിക പദ്ധതികളേയും ഉപയോഗിച്ച് ജനാഭിലാഷങ്ങളെ പദ്ധതികളും പരിപാടികളുമാക്കി മാറ്റിക്കൊണ്ട് പരിമിതമായ വിഭവങ്ങളെ ഉല്പാദന പരവും സാമൂഹ്യപുരോഗതിയ്ക്കുമായി മാറ്റിയെടുക്കുന്നതിന് ഈ ബഡ്ജറ്റ് ലക്ഷ്യം വെക്കുന്നു .

സമൂഹത്തെ സജീവപങ്കാളിയാക്കിക്കൊണ്ടുള്ള ഈ പ്രവർത്തനങ്ങൾ വികസന കാര്യങ്ങളിൽ ജനങ്ങളുടെ മുൻഗണനകൾ വിലയിരുത്തുകയും അത് പദ്ധതികളായി പരിവർത്തനം ചെയ്യുന്നുവെന്നതും ഈ ബഡ്ജറ്റ് ഉറപ്പുവരുത്തുന്നു.

ഭാവിതലമുറയുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിനെ അപകടപ്പെടു ത്താതെ വർത്തമാനകാല ആവശ്യങ്ങൾ നിറവേറ്റിയാൽ മാത്രമേ വികസനം സുസ്ഥിരമായി കണക്കാക്കാൻ കഴിയൂ. ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് ആവശ്യമായിട്ടുള്ള അടിയന്തര പ്രധാന്യമുള്ള പ്രവർത്തനങ്ങളും നവീന ആശയങ്ങളും സമതുലിതമായി സംയോജിപ്പിച്ച് കൊണ്ടുള്ളതാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഈ ബജറ്റ് .

വികസനമെന്നാൽ നാട്ടിലെ ബഹുഭൂരിപക്ഷത്തിന്റെ സാമ്പത്തികവും സംസ്കാരിക വുമായ അഭിവൃദ്ധിയാണ്. സമ്പത്തിന്റെ വർദ്ധനവ് മാത്രമല്ല , അതിന്റെ നീതി പൂർവ്വമായ വിതരണം കൂടിയാണ് വികസനം എന്ന് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഈ ബഡ്ജറ്റ് അവതര ണത്തിലൂടെ ലക്ഷ്യം വെക്കുന്നു.

കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോൽസാഹികളായ ജീവനക്കാരു ടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവും കൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടി കൊണ്ടിരിക്കുന്ന കീഴല്ലൂർ പഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കുന്നതിന് ഈ ബജറ്റ് നിദാനമാവട്ടെ. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ചുവടുപിടിച്ച് ജനങ്ങളുടെ ഭാവിയും നാടിൻറെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടു പോകുന്നതിനുള്ള ആശയങ്ങൾ ഈ ബജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസി ക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)
ശ്രീ സി സജീവൻ
പ്രസിഡണ്ട്
കീഴല്ലൂർ ഗ്രാമപഞ്ചായത്ത

26/03/2026

ബഹുമാന്യരേ,

മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം കണക്കിലെടുത്ത് സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ ഒരു പ്രക്രിയയായി വികസനത്തെ നിർവചിക്കാം.

യാഥാർത്ഥ്യബോധമുള്ളതും നിർവഹണ സാധ്യതയുള്ളതുമായ വികസന നിർദ്ദേശങ്ങളിലൂടെ ഒട്ടേറെ പദ്ധതികൾ വിജയപഥത്തിലെത്തിക്കാൻ സാധിക്കേണ്ടതുണ്ട് .

സുസ്ഥിരമായ വികസനകാഴ്ചപ്പാട് മുന്നോട്ട് വെച്ച് കൊണ്ട് നാം ഏറെ പ്രാധാന്യം കൊടുത്ത കാർഷിക കാർഷികേതര മേഖലയിൽ തുടർന്നു കൊണ്ടു പോകേണ്ട നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിലും ഉൾകൊള്ളിച്ചിട്ടുണ്ട്. ഏത് പ്രതിസന്ധി ഘട്ടത്തിലും നമുക്ക് പ്രവർത്തിക്കാൻ സാധിച്ചത് മാനവികത ഉയർത്തിപ്പിടിച്ച് കൊണ്ടുള്ള കേരളീയരുടെ ഐക്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ്. നവകേരള നിർമ്മിതിയിലും ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

നവോത്ഥാനം ഒരിടത്ത് തുടങ്ങി മറ്റൊരിടത്ത് അവസാനിക്കുന്ന ഒന്നല്ല. മറിച്ച് അതൊരു തുടർ പ്രക്രിയയാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് കൊണ്ടും ആശയാദർശ അടിത്തറയിൽ ഉറച്ച് നിന്നു കൊണ്ടും ജീവിതത്തെ നവീകരിച്ചു കൊണ്ടിരിക്കുക അതിനുള്ള പരിശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്.

ഇരുണ്ട കാലഘട്ടത്തിൽ നിന്ന് നാം വെളിച്ചത്തിലേക്ക് മുന്നേറിയതും ഒറ്റക്കെട്ടായ ഒട്ടേറെ പോരാട്ടങ്ങളിലൂടെയാണ്.

സ്വന്തം ജീവിതത്തിലോ ലോകത്തിലോ ഉള്ള സംഭവങ്ങളോടും സാഹചര്യങ്ങളോടും ബന്ധപ്പെട്ട നല്ല ഫലങ്ങളുടെ പ്രതീക്ഷയെ അടിസ്ഥാനമാക്കിയുള്ള ശുഭാപ്തി വിശ്വാസമുള്ള മാനസികാവസ്ഥയാണ് പ്രതീക്ഷ. ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരു നല്ല വികാരമാണിത്ഇത് നിരാശയെ അതിജീവിച്ച് വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്ന ., ഭാവിയിലേക്കുള്ള പോസിറ്റീവ് ചിന്തയാണ്.

ഒരു പുൽ നാമ്പിനെ പോലും വേദനിപ്പിക്കാതെ , പരിതസ്ഥിതിയെ ചേർത്ത് പിടിച്ച് വർഗ വർണ്ണ രാഷ്ട്രീയ ലിംഗഭേദ വ്യത്യാസമില്ലാതെ ആ ഗ്രാമപഞ്ചായത്തിലെ ഏവർക്കും വികസനത്തിന്റെ തൂവൽസ്പർശം എത്തിക്കാൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് ഈ ബഡ്ജറ്റ് .

ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ –
രില തന്റെ ചില്ലയോടോതി
ഇലയൊന്നു കൊഴിയാതെയിപ്പൊഴും ബാക്കിയുണ്ടെ –
ന്നൊരു ചില്ല കാറ്റിനോടോതി .

ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ –
ന്നൊരു മരം പക്ഷിയോടോതി
ഒരു മരം വെട്ടാതെയൊരു ഒരു കോണിൽ കാണുമെ –
ന്നൊരു കാട് ഭൂമിയോടോതി

ഒരു കാട് ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി

(ഹരിതം – കെ സച്ചിദാനന്ദൻ)

പ്രതീക്ഷയോടെ എന്റെ കീഴല്ലൂരിന്റെ , നിങ്ങളുടെ കീഴല്ലൂരിന്റെ , നമ്മുടെ
നവ കീഴല്ലൂരിന്റെ സൃഷ്ടിക്കായി കൈകോർത്ത് ഒന്ന് ചേരാം

അസമത്വം കുറച്ചുകൊണ്ടുവരിക, ദാരിദ്ര്യ നിർമാർജനം, മതനിരപേക്ഷ സമൂഹം, നൈപുണി വികസനം, പാരിസ്ഥിതിക സന്തുലനം തുടങ്ങിയ ആവട്ടെ കീഴല്ലൂർ പഞ്ചായത്തിൻറെ ലക്ഷ്യം.

ഉൽപ്പാദന വർധന, സമ്പത്തിന്റെ നീതിപൂർവമായ വിതരണം, സാമൂഹിക സ്വസ്ഥത എന്നിവ ഉയർത്തിപ്പിടിച്ച് ഈ ലക്ഷ്യത്തിൻറെ സാക്ഷാത്കാരത്തിനായി ഒരുമിച്ച് മുന്നേറാം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഈ ബഡ്ജറ്റ് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു .

<u>ശ്രീമതി വി വി വനജാക്ഷി</u>

വൈസ് പ്രസിഡണ്ട് &
ധനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

26/02/2026

# ബഡ്ജറ്റ് 2026 – 2027

- ✓ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2026 – 2027 വർഷത്തേക്കുള്ള പൂർണ്ണ ബജറ്റ് ഞാൻ കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ അവതരിപ്പിക്കുന്നു.

- ✓ ബജറ്റ് അവതരണത്തിന് ആമുഖഭാഷണം നടത്തിയ യോഗാദ്ധ്യക്ഷനും കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡണ്ടുമായ ശ്രീ സി സജീവൻ, സ്ഥിരം സമിതി ചെയർമാൻമാർ/ചെയർപേഴ്സൺമാർ, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഉദ്യോഗസ്ഥർ, ഘടകസ്ഥാപന മേധാവികൾ, ആസൂത്രണ സമിതി അംഗങ്ങൾ, പൊതു പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയ ഈ യോഗത്തിൽ പങ്കെടുക്കുന്ന എല്ലാവരെയും 2026 – 2027 വാർഷിക ബജറ്റ് അവതരണത്തിനുള്ള ഈ പ്രത്യേക യോഗത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

- ✓ ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണിത്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ട് ത്രിതല പഞ്ചായത്തീ രാജ് സ്ഥാപനങ്ങളെ സൌഹാർദ്ദ പൂർവ്വം ബന്ധപ്പെടുത്തി കൊണ്ടുള്ള വികസന നയമാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത് വിഭവ സമാഹരണത്തിലും വിനിയോഗത്തിലും ഈ സമീപനം പാലിക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്.

- ✓ വിഭവങ്ങളുടെ അമിതചൂഷണം നിയന്ത്രിച്ചും പാരിസ്ഥിതിക ആഘാതങ്ങൾ കുറച്ചും കൈവരിക്കുന്ന വികസനത്തെയാണ് പൊതുവെ സുസ്ഥിര വികസനം എന്ന് പറയുന്നത്. "ഭാവി തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള പര്യാപ്തതയ്ക്ക് വിട്ടുവീഴ്ചയില്ലാതെ ഈ തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഉതകും വിധമുള്ള വികസനമാണ് സുസ്ഥിര വികസനം." സുസ്ഥിര വികസന തത്വത്തിൽ അധിഷ്ഠിതമായ മുൻഗണന പ്രകാരമാണ് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്

- ✓ ഗ്രാമ പഞ്ചായത്തിന്റെ 2026 – 2027 വാർഷിക കാലയളവിലേക്ക് നടത്താനുദ്ദേശിക്കുന്ന വൈവിദ്ധ്യമാർന്ന വികസന സേവന ക്ഷേമ പ്രവർത്തനങ്ങളുടെയും തുടർച്ചയായി നിർവഹിച്ചു പോരുന്ന പദ്ധതിയേതര പ്രവർത്തനങ്ങളുടെയും വിവിധ വിഭവങ്ങളുടെ സമാഹരണത്തിന്റെയും ചെലവഴിക്കലിന്റെയും സമഗ്രരേഖയായ ഈ ബഡ്ജറ്റ് തയ്യാറാക്കിയത്.

- ✓ ആരോഗ്യ വിദ്യാഭ്യാസ സാമൂഹ്യ രംഗത്ത് പടിപടിയായി നമ്മുടെ കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങളിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. നിർബന്ധിത വകയിരുത്തലുകൾ ഉൾചേർത്ത് കൊണ്ടും മുൻകാലങ്ങളിൽ ഏറ്റെടുത്തത് നടപ്പിലാക്കി വരുന്നതുമായ വൈവിദ്ധ്യമാർന്ന വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിലാണ് ഈ ബജറ്റിനെ നോക്കിക്കാണേണ്ടത്.

- ✓ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിലെ ഗുണപരമായ മാറ്റങ്ങളിലൂടെ ജനങ്ങളുടെ ജീവിതനിലവാരവും ക്ഷേമവും മെച്ചപ്പെടുത്തുന്ന ഒരു തുടർച്ചയായ പ്രക്രിയയാണ് വികസനം. കേവലം വരുമാന വർദ്ധനവ് മാത്രമല്ല, ദാരിദ്ര്യ നിർമ്മാർജ്ജനം, മികച്ച വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, പാർശ്വവൽക്കരിക്കപ്പെടുന്നവരെ ചേർത്തു പിടിക്കൽ എന്നിവ ഉറപ്പാക്കുന്ന സുസ്ഥിരമായ പുരോഗതിയാണ് ഇത് ലക്ഷ്യമാക്കുന്നത്. മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വികസന ബഡ്ജറ്റ് ആയി ഞാൻ ഈ രേഖയെ കാണുന്നു .

- ✓ വിഭവസമാഹരണത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കേന്ദ്ര– സംസ്ഥാന സർക്കാരുകൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളെ എല്ലാം കണ്ണി ചേർത്തു കൊണ്ടുള്ള വിഭവസമാഹരണ നയമാണ് ലക്ഷ്യം വയ്ക്കുന്നത്. സന്നദ്ധ സേവനങ്ങളെയും സ്പോൺസർഷിപ്പുകളെയും ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യം കൂടി ഈ ബഡ്ജറ്റിനുണ്ട്

- ✓ കാർഷിക സംസ്കൃതി തിരിച്ചുപിടിച്ചും നാട്ടറിവുകളും ശാസ്ത്രസാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തിയും നമ്മുടെ കർഷകരെ പുത്തൻ ഉണർവിലേക്ക് ഉയർത്തി ക്കൊണ്ടുവരേണ്ടതുണ്ട്. ഇതിനായുള്ള പരിശ്രമങ്ങൾക്ക് ശക്തിപകർന്നു കൊണ്ട് നമ്മുടെ കാർഷികവിജ്ഞാനത്തെയും കൃഷിരീതിയെയും പ്രോത്സാഹിപ്പിക്കുന്ന നയ ത്തിൻറെ തുടർച്ചയാണ് ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നത് .

- ✓ വികസനത്തിന് ഊന്നൽ നല്കികൊണ്ട് പശ്ചാത്തല മേഖലയുടെ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമുള്ള സമീപനമാണ് നാം സ്വീകരിക്കുന്നത് .

- ✓ സംസ്ഥാന തലത്തിൽ സമ്പൂർണ്ണ ജൈവമാലിന്യ സംസ്കരണ സംവിധാനമുള്ള ഗ്രാമപഞ്ചായത്തായി കീഴല്ലൂരിനെ തെരെഞ്ഞെടുത്തത് മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്ന ഒന്നായി മാറി. ഇനിയും ഒട്ടേറെ പദ്ധതികൾ മാലിന്യ സംസ്കരണത്തിനായി രൂപീകരിക്കേണ്ടിയിരിക്കുന്നു.

- ✓ പാർശ്വവൽകരിക്കപ്പെട്ട വിഭാഗത്തിന് പ്രഥമ പരിഗണന നൽകികൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നത് ഈ ബഡ്ജററിന്റെ പ്രധാന ലക്ഷ്യമാണ്. സേവന മേഖലയിൽ അതീവ പ്രാധാന്യം ഉയർത്തികാട്ടുന്ന ഈ ബഡ്ജറ്റിൽ കക്ഷി രാഷ്ട്രീയ, പ്രാദേശിക ഭേദമില്ലാതെ ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ ക്ഷേമ സേവന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. മാതൃകാപരവും നൂതനവുമായ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ആശയരൂപീകരണത്തിന് പഞ്ചായത്തീരാജ് നിയമങ്ങളും ചട്ടങ്ങളും വാർഷിക പദ്ധതി മാർഗ നിർദ്ദേശങ്ങളും അനുസരിച്ചുള്ള നടപടിക്രമങ്ങളിലൂടെയും ഗ്രാമപഞ്ചായത്തിന്റെ വളർച്ച സ്വപ്നം കാണുന്ന വികസനതല്പരരായവരുടെയും, ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലു മായി വന്ന നിർദ്ദേശങ്ങളെല്ലാം ഉൾചേർത്തു കൊണ്ടാണ് വാർഷിക പദ്ധതി തയ്യാറാ ക്കിയിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തസത്ത ഉൾകൊണ്ട് പ്രവർത്തി ക്കാൻ നമുക്കായി എന്നത് അഭിമാനിക്കാവുന്ന കാര്യമാണ്

✓ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ അതിന്റെ വികസന സാധ്യതകൾ കൂടി കൂട്ടിചേർത്ത് കൊണ്ട് ലോക വിഹായസ്സിലേക്ക് പറന്നുയുർന്ന കീഴല്ലൂരിന്റെ വികസനസ്വപ്നങ്ങൾക്ക് വേഗം കൂട്ടാനുള്ള ചുവട് വെപ്പ് നാം നടത്തി കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാകെ മാതൃകയാക്കാൻ സാധിക്കുന്ന വൈവിദ്ധ്യപൂർണ്ണമായ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം തന്നെ നിരവധി ബോധവൽകരണ പ്രചരണ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തിന് സാധിക്കേണ്ടതുണ്ട്

✓ ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനങ്ങളാണ് പദ്ധതികളുടെ എല്ലാം തന്നെ വിജയം. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ജനം ആഗ്രഹിക്കുന്ന രീതിയിലാണ് ജനകീയപദ്ധതികൾ ആവിഷ്കരിച്ച് കൊണ്ട് മുന്നോട്ട് പോകുന്നത്.

✓ 2026 – 2027 വർഷത്തിലേക്കുള്ള ബഡ്ജറ്റ് പ്രഖ്യാപനത്തിലേക്ക് നാം കടക്കുന്നത് നവകേരളത്തെ പുനർനിർമ്മിക്കാനുള്ള ചർച്ചകൾ നടക്കുന്ന സവിശേഷ സാഹചര്യത്തിലാണ് .

പറന്നുയർന്ന കീഴല്ലൂരിന് വികസന സ്വപ്നങ്ങൾക്ക് കുതിപ്പേകുമെന്ന പ്രതീക്ഷയിൽ ഈ ബഡ്ജറ്റ് യോഗത്തിന് മുമ്പാകെ അവതരിപ്പിക്കുന്നു .

# മുൻഗണനാ പട്ടിക

1. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലും പുരോഗതിയിലും സുപ്രധാന സ്ഥാന മാണ് കൃഷിക്കുള്ളത്. മനുഷ്യർ കൃഷിയിലേക്കും മൃഗങ്ങളെ ഇണക്കി വളർത്തുന്ന തിലേക്കും തിരിഞ്ഞ നവീന ശിലായുഗത്തിൽ തന്നെ കേരളത്തിലും കൃഷിയുടെ ചരിത്രം ആരംഭിച്ചു വെന്നാണ് ചരിത്ര രേഖകൾ സൂചിപ്പിക്കുന്നത്. നമ്മുടെ നാടിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണിന്റെ പ്രത്യേകതകളും കൊണ്ട് നാണ്യവിളകൾ, ഭക്ഷ്യവിളകൾ, തോട്ടവിളകൾ എന്നിവ ഉൾപ്പെടുന്ന വ്യത്യസ്തമായ വിളരീതികൾക്ക് അനുയോജ്യമാണ്. കഴിഞ്ഞ നിരവധി വർഷങ്ങളായി കാർഷിക മേഖല, ഭക്ഷ്യവിള കളിൽ നിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള പരിവർത്തനം പോലെയുള്ള നിർണ്ണായക മാറ്റങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുണ്ട്. കാർഷിക ഉൽപാദന ക്ഷമത വർദ്ധിപ്പിച്ച് ഭക്ഷ്യ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച് ഉപജീവന പിന്തുണ നൽകുന്ന സുസ്ഥിര വും പ്രായോഗികവുമായ തൊഴിലാക്കി കൃഷിയെ മാറ്റുകയാണ് ലക്ഷ്യം. കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഭക്ഷ്യ പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്ന തിനും കീഴല്ലൂരിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി

കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ പതിനാറ് വാർഡുകളിൽ നിന്ന് തരിശായി കിടക്കു ന്ന സ്ഥലങ്ങൾ കണ്ടെത്തി കാർഷിക കൂട്ടായ്മകൾ മുഖാന്തിരം ഓരോ പ്രദേശത്തേ യ്ക്കും അവിടുത്തെ മണ്ണിനും കാലാവസ്ഥയ്ക്കും ഭൗതിക, സാമൂഹിക സാഹചര്യ ങ്ങൾക്കും അനുയോജ്യമായി പതിനാറ് വിളകൾ ഗ്രാമപഞ്ചായത്ത് നേരിട്ട് പരീക്ഷണാടി സ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും **കീഴല്ലൂർ ബ്രാൻറ്** എന്ന രീതിയിൽ വിഷരഹിത വിളകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിന് **മധുര പതിനാറ് – കാർഷിക സ്വയംപരാപ്ത ഗ്രാമം പദ്ധതി** നടപ്പിലാക്കുന്നതിന് **എട്ട് ലക്ഷം രൂപ** വകയിരുത്തും

2. കേരളീയർക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യവും പ്രതിപത്തിയും കുറയുന്നു വോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നെൽപ്പാടങ്ങളുടെ നിലനിൽപ്പ് തന്നെ പരുങ്ങലി ലാണ് . നെൽകൃഷി ആദായകരമല്ല എന്ന് പരക്കെ അറിയപ്പെട്ടതോടെയാണ് കൃഷി കുറയാൻ തുടങ്ങിയത്. ലാഭകരമല്ലായെന്ന കാരണത്താൽ നെല്പാടങ്ങൾ തരിശിടുന്ന പ്രവണതയും കണ്ടുവരുന്നു. നെൽകൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിലും ഉല്പാദനത്തിലും ക്രമാതീതമായ കുറവ് കാണുന്നെങ്കിലും ഉല്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടാവുന്നു എന്നത് ഏറെ പ്രതീക്ഷക്ക് വക നൽകുന്നു.

നെൽകൃഷി പ്രോത്സാഹനം എന്ന നിലയിൽ നെല്ലിന് കൂലി ചെലവും സബ്സിഡി യും കർഷർക്ക് അനുവദിക്കുന്നതിന് **സമഗ്ര നെൽകൃഷി വികസനം** പദ്ധതി നടപ്പിലാക്കും. ആയതിന് **1.25 ലക്ഷം രൂപ** വകയിരുത്തും

3. ഹോബികൾ വിനോദത്തിനുമപ്പുറം മറ്റു പല വ്യക്തിഗത നേട്ടങ്ങളും ഉണ്ടാ ക്കാറുണ്ട്. കൃഷി അത്തരം ഒരു ഹോബിയായി തിരഞ്ഞെടുക്കുമ്പോൾ മാനസിക ഉല്ലാസ ത്തോടൊപ്പം ആരോഗ്യകരമായ ഒരു ചുവടുവയ്പ്പ് കൂടിയാകും. പരിമിതമായ സ്ഥലത്ത് കുറഞ്ഞ ചിലവിൽ ആരംഭിക്കാവുന്ന ഒന്നാണ് കൂൺ കൃഷി. പോഷകസമ്പന്നമായ ആഹാരം, ആയാസരഹിതമായ വരുമാനമാർഗം എന്നീ രീതികളിൽ കുട്ടികൾ മുതൽ മുതിർന്നവർ വരെ ആർക്കും കൂൺ കൃഷിയെ സമീപിക്കാം. കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് **കൂൺകൃഷി വികസനം** എന്ന പദ്ധതി നടപ്പിലാക്കും

4. പൂക്കളങ്ങൾ ഓണാഘോഷങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത ഘടകമാണല്ലോ ? പണ്ട് മുക്കുറ്റി, തുമ്പ, വിവിധ വർണ്ണങ്ങളിലുള്ള കാശിത്തുമ്പ, ചെമ്പരത്തി, ചെത്തി എന്നിവയാണ് പൂക്കളമിടാൻ ഉപയോഗിച്ചിരുന്നത്. തൊടിയിലും പറമ്പിലും കുട്ടികൾ നടന്ന് പൂ ശേഖരിക്കു ന്ന രീതിയും ഇന്നില്ല. ഓണത്തിന് പൂക്കളങ്ങൾ ഒരുക്കുന്നതിനായി **ചെണ്ടുമല്ലികൃഷി പ്രോത്സാഹനം പദ്ധതി** നടപ്പിലാക്കും പദ്ധതിക്കായി അമ്പതിനായിരം രൂപ വകയിരുത്തും.

5. മഴവിൽ അഴകാണ് ഓർക്കിഡ് പൂക്കൾക്ക്. അവ തിളക്കമുള്ളതും വർണ്ണാഭമായതുമായ പൂക്കൾ ഉത്പാദിപ്പിക്കുന്നു. ഇരുപത്തി എട്ടായിരത്തിൽ അധിക വ്യത്യസ്തമായതും മരവാഴ ഇനത്തിൽ ഉൾപ്പെട്ടതുമായ ഓർക്കിഡ് സസ്യങ്ങൾ വീട്ടുപറമ്പുകളിൽ വ്യാപകമായി വളർത്തുന്നവയാണ്, പരിപാലിക്കാൻ എളുപ്പമാണ്. **ഓർക്കിഡ് കൃഷി പോത്സാഹനത്തിനായി പദ്ധതി നടപ്പിലാക്കും**

6. പ്രകടമായ ലക്ഷണങ്ങളൊന്നും കാണിക്കാതെ പതിയിരുന്ന് ആക്രമിക്കുന്ന എതിരാളിയാണ വിളർച്ച. വിട്ടുമാറാത്ത ക്ഷീണത്തിന്റെയും തളർച്ചയുടെയുമൊക്കെ കാരണങ്ങൾ അന്വേഷിച്ച് പരിശോധനാ വഴികളിലൂടെ ഏറെ സഞ്ചരിച്ച് കഴിയുമ്പോഴായിരിക്കും വിളർച്ചയെ കണ്ടെത്തുന്നത്. അനീമിയ നിസ്സാരമാണെന്നു തള്ളിക്കളയണ്ട, കാരണം നീണ്ടുനിൽക്കുന്ന വിളർച്ച ഹൃദയത്തിന്റെ ജോലിഭാരം വർധിപ്പിക്കുന്നതുമൂലം ഹൃദ്രോഗത്തിനു കാരണമായേക്കാം. കുട്ടികളുടെ ഏകാഗ്രത, ബൗദ്ധികശേഷി, ശാരീരികവളർച്ച തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കാനും പഠനവൈകല്യങ്ങൾക്കും ഇരുമ്പിന്റെ അഭാവം ഇടയാക്കാം.

വിളർച്ചയില്ലാതെ ജനസമൂഹത്തിനായി **വളർച്ച വിളർച്ചയില്ലാതെ** എന്ന പേരിൽ പോഷകമൂല്യമുള്ള ഇലക്കറികളുടെ ഉൽപാദത്തിനായി ഹൈബ്രിഡ് വിത്തുകളുടെ വിതരണം , വിവിധ തരത്തിലുള്ള ആരോഗ്യ പരിശോധനങ്ങൾ , ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും . **പദ്ധതിക്കായി ആകെ മൂന്ന് ലക്ഷം രൂപ വകയിരുത്തും**

7. നമ്മുടെ മണ്ണും സംസ്കാരവുമായി ഇഴചേർന്നു നിന്ന കാർഷികവൃത്തി ഇന്ന് അന്യം നിന്നു പോകുന്ന കാർഷിക സംസ്കാരത്തിലേക്ക് വഴിമാറുകയാണ്. യന്ത്രവൽക്കരണം, നഗരവൽക്കരണം, അമിതമായ രാസവള ഉപയോഗം എന്നിവ കാരണം കാർഷികരംഗം നേരിടുന്ന പ്രതിസന്ധികൾ ഗ്രാമീണ ജീവിതത്തിന്റെ വിശുദ്ധിയും നന്മയും കുറയ്ക്കുന്നു. വരുംതലമുറയ്ക്ക് മണ്ണുമായുള്ള ബന്ധം നഷ്ടപ്പെടുന്നു, ഇത് സുസ്ഥിരമായ ഭാവിക്ക് ഭീഷണിയാണ്. മലയാളിയുടെ ഭക്ഷണവും ആഘോഷങ്ങളും ഉത്സവങ്ങളും എല്ലാം കാർഷിക സംസ്കാരത്തോട് ബന്ധപ്പെട്ടിരുന്നു. കൃഷി വെറുമൊരു ഉപജീവനമാർഗ്ഗമായിരുന്നില്ല, മറിച്ച് ഒരു ജീവിതരീതി തന്നെയായിരുന്നു. എന്നാൽ,

ആധുനികവൽക്കരണത്തിന്റെ ഭാഗമായി മണ്ണിൽ പണിയെടുക്കുന്നവർ കുറയുകയും, കാർഷിക വിഭവങ്ങൾ വിപണിയിൽ നിന്ന് വാങ്ങുന്ന രീതിയിലേക്ക് മാറുകയും ചെയ്തിരിക്കുന്നു.

കാർഷിക മേഖലയിലെ ഉണർവ്വിനായി **ജെ എൽ ജി ഗ്രൂപ്പിന് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, പോഷക സമൃദ്ധി – പച്ചക്കറി തൈ വിതരണം, വാഴക്കന്ന് വിതരണം, തെങ്ങിന് ജൈവവളം പദ്ധതി, കുറ്റികുരുമുളക് വിതരണം, ഇടവിളക്കിറ്റ് വിതരണം, അങ്കണവാടികൾക്ക് മണചട്ടി വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കും**

8. ജപ്പാനിലെ സസ്യശാസ്ത്രജ്ഞനായ ഡോ. അകിര മിയാവാക്കി വികസിപ്പിച്ചെടുത്ത, വളരെ കുറഞ്ഞ സ്ഥലത്ത് അതിവേഗത്തിൽ ഇടതൂർന്ന വനങ്ങൾ വെച്ചുപിടിപ്പിക്കുന്ന രീതിയാണ് മിയാവാക്കി വനം. തദ്ദേശീയമായ വൃക്ഷങ്ങൾ അടുപ്പിച്ച് നട്ട് 2–3 വർഷം കൊണ്ട് സ്വാഭാവിക വനത്തിന് തുല്യമായ ആവാസവ്യവസ്ഥ ഇത് സൃഷ്ടിക്കുന്നു . ഈ രീതിയിൽ നട്ടുവളർത്തുന്ന വനങ്ങൾ സാധാരണ വനങ്ങളേക്കാൾ പത്തിരിട്ടി വേഗത്തിൽ വളരുകയും നൂറുമടങ്ങ് ജൈവവൈവിധ്യം പ്രദാനം ചെയ്യുകയും ചെയ്യുന്നു. കീഴല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെറുവനവൽക്കരണത്തിന്റെ ഭാഗമായി **മിയാവാക്കി – ചെറുവനവൽക്കരണ പദ്ധതി** നടപ്പിലാക്കും .

9. വാഴയിലയിൽ ചൂട് ഭക്ഷണം വിളമ്പി കഴിക്കുക എന്നതും വിദ്യാലയങ്ങളിലേക്കും പണിസ്ഥലങ്ങളിലേക്കും ഭക്ഷണം വാഴയിലയിൽ പൊതിഞ്ഞ് കൊണ്ടുപോകുക എന്നതും മലയാളിയുടെ ഗൃഹാതുരത്വമുള്ള ഓർമകളിൽ ഒന്നാണ്. കേരളത്തിൽ വാഴയില ബിസിനസ് അത്ര ചെറുതല്ല. ഓണം, വിഷു, ചോറൂണ്, പിറന്നാൾ തുടങ്ങി വിവാഹം വരെയുള്ള വിശേഷാവസരങ്ങളിലെല്ലാം മലയാളിക്ക് വാഴയില കൂടിയേ തീരൂ. ഒരിക്കലും നിലയ്ക്കാത്ത വൻ വിപണിയാണ് വാഴയിലക്ക് നമ്മുടെ നാട്ടിലുള്ളത് . ഉത്പാദനച്ചെലവ് അല്പം കൂടുമെങ്കിലും നല്ല ലാഭം പ്രതീക്ഷിക്കാവുന്ന കൃഷി തന്നെയാണ് വാഴയില കൃഷി.

വരുമാനദായക പദ്ധതി എന്ന നിലയിൽ **വാഴയിലക്കായി വാഴകൃഷി വ്യാപനം** എന്ന പദ്ധതി കീഴല്ലൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കും. **ഒരു ലക്ഷം രൂപ വകയിരുത്തും**

10. കോഴികളെ പരിപാലിക്കാൻ എളുപ്പമുള്ള ഒരു ജീവിയാണ്. സ്കൂൾ പ്രായത്തിലുള്ള മിക്ക കുട്ടികൾക്കും മുതിർന്നവരുടെ സഹായം കൂടാതെ ഒരു ചെറിയ കൂട്ടത്തെ സ്വന്തമായി പരിപാലിക്കാൻ സാധിക്കും. കുട്ടികൾക്ക് കോഴിവളർത്തൽ ഒരു മികച്ച അനുഭവമാണ് സമ്മാനിക്കാൻ പോകുന്നത്. കുട്ടികൾക്ക് ഒരു ഓമനത്തമുള്ള വളർത്തുപക്ഷിയെ പരിപാലിക്കുന്നതിന്റെ സംതൃപ്തി മാത്രമല്ല, ഉത്തരവാദിത്തത്തോടൊപ്പം മുട്ടകളുടെ രൂപത്തിൽ പ്രതിഫലം ലഭിക്കുമെന്നും അവർ പഠിക്കുന്നു. സ്കൂൾ കുട്ടികളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി **കുഞ്ഞിക്കൈകളിൽ കുഞ്ഞിക്കോഴി – സ്കൂളുകളിൽ പോൾട്രി ക്ലബ്** എന്ന പദ്ധതി എന്ന **ഒരു ലക്ഷത്തി എൺപത്തി അയ്യായിരം രൂപ** വകയിരുത്തി നടപ്പിലാക്കും.

11. ദൈനംദിന ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ഭക്ഷ്യവസ്തുവാണ് പാൽ. പാലുൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നാം വളരെ വേഗം അടുത്തുകൊണ്ടിരിക്കുന്നു. സുനിശ്ചിതമായ വിപണി നൽകുന്നതിനാൽ കൂടുതൽ പേർ ക്ഷീരമേഖല ഉപജീവന മാർഗമായി തെരഞ്ഞെടുക്കുകയാണ്. ക്ഷീരമേഖല വളർച്ച കൈവരിക്കേണ്ടത് ഇന്നിന്റെ ആവശ്യങ്ങളിൽ ഒന്നു തന്നെയാണ്. ക്ഷീരകർഷകർക്ക് ധനസഹായമായി **ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി** എന്ന പദ്ധതി നടപ്പിലാക്കും ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതിക്കായി **ഏഴര ലക്ഷം** രൂപ വകയിരുത്തും.

12. രാജ്യത്തെ കാർഷികവൃത്തിയുടെ ഭാഗം തന്നെയാണ് മൃഗസംരക്ഷണവും കന്നുകാലി വളർത്തലും. ഭക്ഷണം, പോഷണം, തീറ്റ, തീറ്റപ്പുല്ല്, ഫലഭൂയിഷ്ഠത, ജീവിത നിലവാരം, പാരിസ്ഥിതിക സുരക്ഷ എന്നീ മേഖലയിലെ നേട്ടത്തിനുള്ള തന്ത്രങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. മൃഗസംരക്ഷണമേഖലയിലെ പ്രോത്സാഹനമെന്നോണം **കറവ പശുക്കൾക്ക് കാലിത്തീറ്റക്കായി** – ആറ് ലക്ഷം രൂപയും, **കറവപശുക്കളെ വാങ്ങുന്നതിനായി** ആറ് ലക്ഷം രൂപയും **പോത്ത് കുട്ടി വളർത്തലിന്** രണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയും വകയിരുത്തും. കൂടാതെ **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി** പദ്ധതിയും നടപ്പിലാക്കും

13. മൃഗസംരക്ഷണ മേഖലയിൽ മുട്ടകോഴി വിതരണം, സമഗ്ര പേവിഷ പ്രതിരോധ ക്യാമ്പ് , തെരുവ് നായ്കളുടെ പേവിഷ പ്രതിരോധ കുത്തിവെപ്പ് , എബിസി പ്രോഗ്രാം – ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ, വെറ്ററിനറി മീറ്റിംഗ് ഹാൾ നവീകരണം, മൃഗാശുപത്രിക്ക് മരുന്നു ആവശ്യവസ്തുക്കളും കൺസ്യൂമബൾസ് വാങ്ങൽ എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കും

14. സ്ഥലപരിമിതികൾ കൊണ്ട് ബുദ്ധിമുട്ടുന്ന **കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് പുതിയ ഒരു കാര്യാലയ കെട്ടിടം** എന്നത് ഈ ഭരണസമിതിയുടെ സ്വപ്നമാണ് . അത് യാഥാർത്ഥ്യമാക്കുന്നതിന് 2026 – 2027 സാമ്പത്തീക വർഷത്തിൽ ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ വകയിരുത്തും.

15. പോയ കാലത്തിന്റെ രേഖപ്പെടുത്തലും അതിനെക്കുറിച്ചുള്ള പഠനവുമാണ് ചരിത്രം എന്ന മലയാള വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂതകാലത്തെക്കുറിച്ചുള്ള അറിവ് വർത്തമാനകാലത്തെ മനസ്സിലാക്കാനും ഭാവിയിലേക്ക് മികച്ച തീരുമാനങ്ങൾ എടുക്കാനും മനുഷ്യനെ സഹായിക്കുന്നു. 'ചരിത്രം പഠിക്കാത്തവർ അത് ആവർത്തിക്കാൻ വിധിക്കപ്പെട്ടവരാണ്" എന്ന് പറയാറുണ്ട്. ചരിത്രം എന്നത് കേവലം കഥകളല്ല, മറിച്ച് തെളിവുകളുടെ അടിസ്ഥാനത്തിലുള്ള വസ്തുതകളാണ്. മനുഷ്യൻ കാലങ്ങളായി ആർജിച്ച പുരോഗതിയുടെ രേഖപെടുത്തലാണ് യാഥാർത്ഥ ചരിത്രം. കീഴല്ലൂരിന്റെ ചരിത്രം രേഖപ്പെടുത്തുന്നതിന് <u>കാലം മായ്കാത്ത കാൽപാടുകൾ – കീഴല്ലൂരിന്റെ ചരിത്ര രചന – ഡോക്യുമെന്റേഷൻ പദ്ധതി രൂപീകരിക്കും</u>

16. സ്ത്രീ ശാക്തീകരണം എന്നത് സ്ത്രീകളുടെ പുരോഗതിയാണ്. സ്ത്രീകളിലെ ബോധ്യത്തിന്റെ ശക്തി, അവരുടെ ഇച്ഛാശക്തി, ഭാവനാശേഷി, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ്, ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള അവരുടെ സ്ഥൈര്യം, അവരുടെ കഠിനാധ്വാനത്തിന്റെ ഫലങ്ങൾ, സ്ത്രീശക്തിയുടെ സ്വത്വവും പ്രതിഫലനവുമാണ്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം എന്ന് പറയുമ്പോൾ അതിന്റെ അടിത്തറ ഈ ശക്തികളാണ്. സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി, സാമ്പത്തിക സഹായം, നൈപുണ്യ വികസനം, ബിസിനസ് പിന്തുണ എന്നിവ നൽകുന്നതിനായി – <u>വനിത സംരംഭകർക്ക് പ്രോത്സാഹനം , ഫുഡ് ഓൺസ് വീൽസ് – വനിതകൾക്ക് മൊബൈൽ റസ്റ്റോറന്റ് എന്നീ പദ്ധതികൾ രൂപീകരിക്കും . അതിലേക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തും</u>

17. പന്ത്രണ്ടാം പദ്ധതികാലയളവിൽ ഉയർന്ന ജീവിത നിലവാരം, ആരോഗ്യകരമായ ചുറ്റുപാട്, അടിസ്ഥാന സൌകര്യ വികസനം എന്നിവ ഉറപ്പാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും നിലവാരമുള്ള ഭവന നിർമ്മാണ സേവനങ്ങൾ നൽകുന്നതിലൂടെ ‘എല്ലാവർക്കും അനുയോജ്യവും താങ്ങാനാവുന്നതുമായ ഭവനം’ എന്നൊരു നയം കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

അതിന്റെ തുടർച്ച എന്നോണം 2016 – ൽ അധികാരത്തിൽ വന്ന കേരള സർക്കാർ പ്രഖ്യാപിച്ച ആശാവഹമായ ഒരു ഭവന നിർമ്മാണ പദ്ധതിയും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി കേരള സർക്കാർ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നുമാണ് ലൈഫ് ഭവന പദ്ധതി.

ഭക്ഷണം, വസ്ത്രം, പാർപ്പിടം മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളുടെ പേരുകളിൽ ആദ്യസ്ഥാനങ്ങൾ അലങ്കരിക്കുന്ന മൂന്നു വസ്തുതകൾ. അതിൽ തലചായ്ക്കാൻ സ്വന്ത മായി ഒരു ഇടം എന്നത് ഒരു സാധാരണക്കാരനായ ഒരുവനെ സംബന്ധിച്ചെടുത്തോളം സ്വപ്നതുല്യമായ ആഗ്രഹമാണ്

ലൈഫ് ഭവന പദ്ധതി, വീട് വാസയോഗ്യമാക്കൽ , പിഎംഎവൈ വിഹിതം അടക്കൽ എന്നീ ഭവനപദ്ധതികൾക്കായി അമ്പത്തി ഒന്ന് ലക്ഷം രൂപ വകയിരുത്തും.

18. ശാരീരികമോ മാനസികമോ ആയ പരിമിതികൾ നേരിടുന്നവരുടെ അവകാശ ങ്ങൾ, അന്തസ്സ്, ക്ഷേമം എന്നിവയെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കേണ്ടിയിരി ക്കുന്നു. "ഭിന്നശേഷി ഒരു പരിമിതിയല്ല, മറിച്ച് വ്യത്യസ്തമായ കഴിവാണ്" എന്ന സന്ദേശ മുയർത്തി, അവരോടുള്ള സഹതാപം മാറ്റിനിർത്തി, തുല്യ അവസരങ്ങളും സാഹചര്യങ്ങളും ഒരുക്കി അവരെ ശാക്തീകരിക്കുക എന്നതാണ് കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. ഭിന്നശേഷിക്കാരെ ചേർത്ത് പിടിക്കുന്നതിന് ഭിന്നശേഷി വിദ്യാ ർത്ഥികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ, ഉയരെ – ഭിന്നശേഷി കലോൽസവം എന്നീ പദ്ധതികൾ രൂപീകരിക്കും

19. ഭിന്നശേഷിക്കാരുടെ ശാരീരിക ചലനശേഷി , പേശീബലം, സന്തുലിതാ വസ്ഥ എന്നിവ മെച്ചപ്പെടുത്തി ജീവിതനിലവാരം ഉയർത്താൻ ഫിസിയോ തെറാപ്പി അത്യാവശ്യമാണ്. വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് വ്യായാമങ്ങൾ, ഹൈഡ്രോ തെറാപ്പി, ഉപകരണങ്ങളുടെ സഹായത്തോടെയുള്ള പരിശീലനം എന്നിവ വഴി പേശീവേദന കുറയ്ക്കാനും രക്തയോട്ടം കൂട്ടാനും സാധിക്കുന്നു. സ്നേഹ സ്പർശം – എന്ന പേരിൽ ഭിന്നശേഷിക്കാർക്ക് ഫിസിയോതെറാപ്പി പദ്ധതി നടപ്പിലാക്കും. രണ്ട് ലക്ഷം രൂപ വകയിരുത്തും

20. സ്ത്രീകളുടെ ആരോഗ്യം ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കു ന്ന തിന് പോഷകാഹാരം, വ്യായാമം, കൃത്യമായ വിശ്രമം എന്നിവ അത്യാവശ്യ മാണ്.ശാരീരികവും മാനസികവും സാമൂഹികവുമായ സ്വസ്ഥത അതാണ് സ്ത്രീയുടെ ആരോഗ്യം. ഈ മൂന്നിലും സ്വസ്ഥത അനുഭവിക്കുന്ന ഒരുവൾ പൂർണ ആരോഗ്യ വതിയാണെന്നു പറയാം. സ്ത്രീകൾ ആരോഗ്യമുള്ള മനസ്സോടെയും ശരീര ത്തോടെയും ജീവിച്ചിരിക്കേണ്ടത്, സമൂഹത്തിന്റെ ആവശ്യമാണ്. സ്ത്രീകളുടെ ശാരീരിക മാനസിക ആരോഗ്യം കൂടി പരിഗണിക്കപ്പെടുന്ന അവസ്ഥയിലേക്ക് നമ്മുടെ സംസ്കാ രം മാറേണ്ടതുണ്ട്.

സ്ത്രീകൾക്കായി ഒരുക്കുന്ന ഫിറ്റ്നെസ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വകയിരുത്തും. കൂടാതെ വനിതകളുടെ വോളിബോൾ ടീം രൂപീകരിക്കും

21. വനിതാ വികസന മേഖലയിൽ സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം, വനിതകൾക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, കൗമാര പെൺകുട്ടികൾക്ക് ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, ജാഗ്രത സമിതി – അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കും.

22. സ്ത്രീകളുടെ മാനസീകോല്ലാസത്തിനായി പെൺമ എന്ന പേരിൽ വനിതാ കലോൽസവം സംഘടിപ്പിക്കും.

23. ബാല്യവും യൗവനവും പോലെ മനുഷ്യന് വാർധക്യവും അനിവാര്യമായ ജീവിത കാലഘട്ടമാണ്. നമ്മുടെ ശരീരത്തിലെ ഉപചയ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും ശോഷിക്കുന്ന കാലഘട്ടവുമാണ്. കർമ്മനിരതമായ മനസ്സും ശക്തി തുടിക്കുന്ന ശരീരവുമായി ഊർജസ്വലരായ എത്രയോ വയോജനങ്ങളെ ആധുനിക ലോകത്ത് നമുക്ക് കാണാൻ കഴിയും. പക്ഷേ ജീവിത സായാഹ്നത്തിൽ തങ്ങളുടെ സുഖദുഃഖങ്ങൾ പങ്കുവയ്ക്കാനാകാതെ ഏകാന്തവാസം അനുഭവിക്കുന്ന ധാരാളം പേരുമുണ്ട്.

തന്റെ യൗവനം മുഴവനും കുടുംബത്തിനും സമൂഹത്തിനും ബലിയർപ്പിച്ച വയോജനങ്ങൾക്ക് വാർധക്യ ഘട്ടത്തിലെങ്കിലും തനിക്ക് വേണ്ടി ജീവിക്കാൻ സൗകര്യ മൊരുക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. മൂല്യബോധമുള്ള ജനതയെ വാർത്തെടു ക്കേണ്ടതിലേക്കാണ് ഇവയൊക്കെ വിരൽ ചൂണ്ടുന്നത്. മുതിർന്നവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

24. വയോജനങ്ങൾക്ക് ഒത്തു ചേരുന്നതിനായി കൂട് എന്ന പേരിൽ പകൽ വീടുകൾ നിർമ്മിക്കും ആയതിനായി ആറ് ലക്ഷം രൂപ വകയിരുത്തും കൂടാതെ വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ , മിണ്ടീം പറഞ്ഞും – വയോജന സംഗമം എന്നിവ ക്കായി മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കും

25. കീഴല്ലൂർ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൌകര്യവികസനത്തിനുമായി ₹ 12.5 ലക്ഷം വകയിരുത്തും

26. കീഴല്ലൂർ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനും അടിസ്ഥാന സൌകര്യവികസനത്തിനുമായി ₹ 5 ലക്ഷം വകയിരുത്തും

27. കീഴല്ലൂർ പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ , ജീവനക്കാരുടെ ശമ്പളം മറ്റ് അടിസ്ഥാന ചെലവുകൾ തുടങ്ങിയവക്കായി ₹ 28 ലക്ഷം വകയിരുത്തും.

28. ഗുരുതരമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ ശാരീരികവും മാനസിക വുമായ വേദനകൾ കുറച്ച് ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന ആധുനിക പരിചരണ രീതിയാണ് പാലിയേറ്റീവ് കെയർ. രോഗത്തിന്റെ ലക്ഷണങ്ങളിൽ നിന്നും സമ്മർദ്ദത്തിൽ നിന്നും ആശ്വാസം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഈ തരത്തിലുള്ള പരിചരണം. രോഗിയുടെയും കുടുംബത്തിന്റെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്. കീഴല്ലൂർ ഗ്രാമപഞ്ചായത്ത് **കൂടെ** എന്ന പേരിൽ **പാലിയേറ്റീവ് പരിചരണത്തിനായി ₹ 15 ലക്ഷം വകയിരുത്തും**

29. തദ്ദേശഭരണ സ്ഥാപനങ്ങളിലെ കിടപ്പുരോഗികളുള്ള കുടുംബങ്ങൾക്ക് പരിചരണ സേവനം നൽകുന്നതിനായി ഈ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യവും കഴിവുമുള്ളവരെ കണ്ടെത്തി നൈപുണ്യ പരിശീലനം നൽകി **കെയർ ഗിവേഴ്സ്** എന്ന നിലയിൽ സേവനം ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ **സ്വാന്തന മിത്രം പദ്ധതി നടപ്പിലാക്കും.** വീടുകളിലെ കിടപ്പ് രോഗികൾ, ആശുപത്രി ബൈസ്റ്റാൻഡർമാർ, പ്രസവാനന്തര ശുശ്രൂഷ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കെല്ലാം പാർട്ട് ടൈം ആയോ, പൂർണ്ണ സമയമായോ കെയർ ഗിവേഴ്സിനെ ലഭ്യമാക്കാൻ സാധിക്കും..

30**. വൃക്ക രോഗികൾക്ക് ഡയാലിസിസ് ധനസഹായം – കനിവ് പദ്ധതി** നടപ്പിലാക്കും

31. അസാധാരണമായ, കാര്യകാരണ സഹിതമല്ലാത്ത കോശവളർച്ച ശരീര ത്തിലെ മറ്റു കലകളേയും ബാധിക്കുന്ന അവസ്ഥയാണ് അർബുദം അഥവാ കാൻസർ. കൃത്യ സമയത്ത് രോഗനിർണ്ണയം നടത്തി ചികിൽസ തേടലാണ് കാൻസർ പ്രതിരോധ ത്തിൽ പ്രാധാനം. ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ അവ നിസാരമാക്കാതെ മതിയായ ടെസ്റ്റുകൾ നടത്തി കാൻസർ ആണോ എന്ന് ഉറപ്പ് വരുത്തണം. കാൻസർ നിയന്ത്രണ ത്തിന് ഒരു പ്രത്യേക നയം തന്നെ മുന്നോട്ട് വെച്ച് കൊണ്ട് മലബാർ കാൻസർ സെൻററു മായി സംയോജിച്ച് കൊണ്ട് കാൻസർ പ്രതിരോധ നിയന്ത്രണ പദ്ധതിയായ **കണ്ണൂർ ഫൈറ്റ് ക്യാൻസർ – ക്യാൻസർ നിയന്ത്രണ പദ്ധതി** നടപ്പിലാക്കും

32. വ്യക്തിപരമായ ആരോഗ്യം സംരക്ഷിക്കുന്നവർ പോലും ചില പകർച്ച വ്യാധികളുടെ പിടിയിൽ അകപ്പെട്ടേക്കാം. എന്നാൽ ജീവിതശൈലി രോഗങ്ങളുണ്ടാകാതിരിക്കാനും നിലവിലേത് വർദ്ധിക്കാതിരിക്കാനും വ്യക്ത്യാധിഷ്ഠിതമായ ആരോഗ്യം സംരക്ഷിക്കുക എന്നതു തന്നെയാണ് പ്രാധാന്യം. ജീവിതശൈലീ രോഗങ്ങളകറ്റുന്നതിൽ ഏറ്റവും പ്രാധാനപ്പെട്ടത് അതുവരെ സ്വീകരിച്ച പോന്ന ജീവിതശൈലിയിൽ ആവശ്യമായ മാറ്റം വരുത്തുക എന്നതാണ് . വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കും**

33. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ തുല്യ അവസരം നൽകി മുഖ്യധാരയിൽ നിൽക്കാൻ പ്രാപ്തരാക്കുക എന്ന ഭരണഘടന അനുശാസിക്കുന്ന ഉത്തരവാദിത്വം വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കാൻ നാം ശ്രദ്ധ ചെലുത്തേണ്ടതാണ്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം, മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം, വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗം, പട്ടികജാതി സങ്കേതങ്ങളിലെ പൊതുകിണറുകളുടെ സംരക്ഷണം എന്നീ പദ്ധതികൾ പട്ടികജാതി/വർഗ മേഖലയിൽ നടപ്പിലാക്കും. മേൽ പദ്ധതികൾക്കായി പതിനൊന്ന് ലക്ഷത്തി എഴുപത്തി ഏഴായിരം രൂപ വകയിരുത്തും

34. പരിസ്ഥിതി സുസ്ഥിരതയും പൊതുജനാരോഗ്യവും നിലനിർത്തുന്നതിന് ശരിയായ മാലിന്യ സംസ്കരണം നിർണായകമാണ്. ജനസംഖ്യാ വളർച്ചയും നഗരവൽക്കരണവും ത്വരിതഗതിയിൽ തുടരുന്ന ഇന്നത്തെ ലോകത്ത്, ഫലപ്രദമായ മാലിന്യ സംസ്കരണ രീതികൾ മുമ്പെന്നത്തേക്കാളും നിർണായകമാണ്. തെറ്റായ മാലിന്യ സംസ്കരണം ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് കാരണമാകും. മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നില്ലെങ്കിൽ, അത് മണ്ണ്, ജലം, വായു എന്നിവയെ മലിനമാക്കുകയും മലിനീകരണത്തിനും ആവാസവ്യവസ്ഥയുടെ നാശത്തിനും കാരണമാവുകയും ചെയ്യും. പ്ലാസ്റ്റിക് മാലിന്യങ്ങൾ, പ്രത്യേകിച്ച്, സമുദ്രജീവികൾക്കും ആവാസ വ്യവസ്ഥയ്ക്കും ഗണ്യമായ ഭീഷണി ഉയർത്തുന്നു, കാരണം അവ പലപ്പോഴും സമുദ്രങ്ങളിലും ജലപാതകളിലും എത്തിച്ചേരുന്നു. ജൈവമാലിന്യ സംസ്കരണത്തിനായി

ഓർഗാനിക് കംപോസ്റ്റിംഗ് ബിന്നുകളുടെ വിതരണം നടപ്പിലാക്കും. ആയതിനായി പത്ത് ലക്ഷം രൂപ വകയിരുത്തും. കൂടാതെ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗിച്ച് വിവിധ കേന്ദ്രങ്ങളിൽ തുമ്പൂർ മുഴി സ്ഥാപിക്കും

35. എം സി എഫിന്റെ ആധുനീകവൽക്കരണം, ശുചിത്വവുമായി ബന്ധപ്പെട്ട ഐ ഇ സി ബോർഡുകളും ചുമർചിത്രങ്ങളും സ്ഥാപിക്കൽ, ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ഗാർഹിക ശുചിമുറിനിർമ്മാണം, ഹരിതകർമ സേനക്ക് യൂണിഫോമും സുരക്ഷാ ഉപകരണങ്ങളും വാങ്ങൽ, ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ , വിവിധ ബോധവൽക്കരണ പരിപാടികൾ എന്നീ പദ്ധതികൾ ശുചിത്വ മാലിന്യ മുക്ത മേഖലയിൽ രൂപീകരിക്കും .

36. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി എട്ട് ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കും

37. ജല സംരക്ഷണ പദ്ധതികളായി പൊതുകിണറുകളുടെ ശുചീകരണത്തിനും വിവിധ തോടുകളുടെ സംരക്ഷണത്തിനും പതിനെട്ട് ലക്ഷം രൂപ വകയിരുത്തും

38. പൊതുജനങ്ങൾക്കുടെ നിരന്തരമായി ആവശ്യം മുൻനിർത്തി പൊതു ശ്മശാന നിർമ്മാണത്തിന് സ്ഥലം 2026 – 2027 സാമ്പത്തീക വർഷത്തിൽ വാങ്ങുന്നതിന് തുക വകയിരുത്തും.

39. പരിസ്ഥിതി സംരക്ഷണവും ശാസ്ത്രചിന്തയും വിഷയമാക്കി സ്കൂൾ വിദ്യാർത്ഥികൾക്ക് ജില്ലാതല ഷോട്ട് ഫിലിം മത്സരം സംഘടിപ്പിക്കും. സാമൂഹിക പ്രതിബന്ധതയും പരിസ്ഥിതി സംരക്ഷണവും ശാസ്ത്രാവബോധവും വളർത്തിയെടുക്കുന്ന വിദ്യാർത്ഥികൾ തന്നെ ചിത്രീകരണവും സംവിധാനവും നടത്തുന്ന ടെലി ഫിലിം ഫെസ്റ്റിവെൽ – മഴവില്ല് സംഘടിപ്പിക്കും

40. കേരളത്തിന്റെ ആധുനികീകരണത്തിനു വഴിതുറന്ന രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും ധാർമ്മികവുമായ പരിവർത്തനങ്ങളെയാകെ സംഗ്രഹിക്കുന്ന ഒന്നായി 'കേരളീയ നവോത്ഥാനം' എന്ന പദത്തെ നാം തിരിച്ചറിയേണ്ടതുണ്ട്. ചരിത്രവിരുദ്ധമെന്ന് വിലയിരുത്തി കയ്യൊഴിയുന്നതിനു പകരം അർത്ഥസൂചനകളിലെ വ്യത്യാസങ്ങളോടെ ഈ ആശയത്തെ പിൻപറ്റുകയാവും ഉചിതം. നവോത്ഥാന മൂല്യങ്ങൾ മറ്റൊരിടത്തും കാണാത്ത രീതിയിൽ ഉഴുതിമറിച്ച ഭൂപ്രദേശമാണ് നമ്മുടേത്. യുക്തി ചിന്തയും ശാസ്ത്രബോധവും ജീവിതത്തോട് ചേർത്ത വെച്ച മണ്ണ് . ഇതെല്ലാം ചവിട്ടുമൊതിച്ച് കൊണ്ട് സംഹാര താണ്ഡവമാടുന്ന മനുഷ്യവിരുദ്ധ പ്രവണതകളും പുരുഷകേന്ദ്രീകൃത ചിന്തകളും സ്ത്രീവിരുദ്ധ സാഹചര്യവും കൂടുതൽ പ്രത്യക്ഷ്യമാവുമ്പോൾ **ഓർമ്മകൾ ഉണ്ടായിരിക്കണം** എന്ന് ആഹ്വാനം ചെയ്ത് ഒരു വർഷത്തിലെ പ്രധാനപ്പെട്ട ദിവസങ്ങളിലെ പ്രാധാന്യം ഉൾകൊണ്ട് വിവിധതരത്തിലുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

41. കാലങ്ങളായി, ആരോഗ്യവും ഫിറ്റ്നസും നിലനിർത്തുന്നതിനുള്ള ഒരു മാർഗമായിട്ടാണ് സ്പോർട്സിനെ കാണുന്നത്. സ്ഥിരോത്സാഹം, ഒത്തൊരുമ, നേതൃത്വ വൈഭവം, നിയമങ്ങളോടുള്ള അനുസരണ, മാനസിക സന്തുലിതാവസ്ഥ തുടങ്ങിയ ഗുണങ്ങൾ ശരിയായ രീതിയിലുള്ള കായിക പ്രവർത്തനങ്ങൾ വഴി വളർത്തിയെടുക്കാൻ കഴിയും

ആയതിന് കളിക്കളങ്ങളുടെ നിർമ്മാണം അത്യന്താപേക്ഷിതമാണ്. ഓരോ വാർഡിലും ഒരു കളിക്കളം എന്ന ലക്ഷ്യം മുൻനിർത്തി ജിംഖാന – കളിക്കള നിർമ്മാണത്തിന് ധനസഹായ പദ്ധതി ക്കായി പത്ത് ലക്ഷം രൂപ വകയിരുത്തും.

42. ഗ്രാമപഞ്ചായത്തിലെ അംഗീകൃത വായനശാലകൾക്ക് ഫർണ്ണിച്ചറും സൌണ്ട് സിസ്റ്റവും വിതരണം ചെയ്യുന്നതിന് മൂന്ന് ലക്ഷം രൂപ വകയിരുത്തും

43. അപകടങ്ങളിലോ അടിയന്തര സാഹചര്യങ്ങളിലോ വൈദ്യസഹായം ലഭിക്കുന്നതിന് മുമ്പ് പരിക്കേറ്റ ആൾക്ക് നൽകുന്ന അടിയന്തര പരിചരണമാണ് പ്രഥമ ശുശ്രൂഷ. ജീവൻ രക്ഷിക്കുക, അവസ്ഥ വഷളാകാതെ തടയുക, വേദന കുറയ്ക്കുക, ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ . രക്തസ്രാവം തടയാൻ, സി പി ആർ (CPR) നൽകാൻ, പാമ്പുകടിയേറ്റാൽ, പൊള്ള ലേറ്റാൽ ഒക്കെ ഇത് അത്യാവശ്യമാണ്. കുട്ടികളിൽ പ്രഥമ ശുശ്രൂഷയുടെ അവബോധം വളർത്തുന്നതിന് കുട്ടികൾക്ക് പ്രഥമ ശുശ്രൂഷ പരിശീലനം, സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് കിറ്റ് വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കും

44. സാമൂഹിക ബോധവൽക്കരണം ലക്ഷ്യമാക്കി, പ്രത്യേക വേദിയില്ലാതെ, തെരുവുകളിലോ പൊതുസ്ഥലങ്ങളിലോ സൗജന്യമായി അവതരിപ്പിക്കുന്ന ജനകീയ കലാരൂപമാണ് തെരുവ് നാടകം. സാധാരണക്കാരായ ജനങ്ങളിലേക്ക് രാഷ്ട്രീയ, സാമൂഹിക സന്ദേശങ്ങൾ എത്തിക്കാനും, അവരെ ചിന്തിപ്പിക്കാനും, സാമൂഹിക പരിവർത്തനത്തിന് ആഹ്വാനം ചെയ്യാനും ഇവ ഉപയോഗിക്കുന്നു. ഇത് ഏറ്റവും പഴക്കമേറിയ നാടക രൂപങ്ങളിൽ ഒന്നാണ്. ജനാധിപത്യ, നവോത്ഥാന മൂല്യങ്ങൾ ഉദ്ബോധിപ്പിക്കുന്ന വിഷയാടിസ്ഥാനമാക്കി കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഹാഷ്മി എന്ന പേരിൽ – തെരുവ് നാടക സംഘങ്ങളുടെ രൂപീകരണത്തിനായി പദ്ധതി രൂപീകരിക്കും.

45. സാക്ഷരത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽക്കുന്നതിന് തുടർ സാക്ഷരത, പത്താമുദയം – സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല എന്നീ പദ്ധതികൾ നടപ്പിലാക്കും

46. ബാലസഭകളുടെ പ്രവർത്തനങ്ങൾക്കായി **ബാലസഭാ ശാക്തീകരണം** എന്ന പദ്ധതിക്കായി **ഒരു ലക്ഷം** രൂപ വകയിരുത്തും

47. കീഴല്ലൂർ തനത് പെരുമ ഉയർത്തികാട്ടുന്നതിനും സാംസ്കാരീക കൂട്ടായ്മ ഒരുക്കു ന്നതിനുമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പുതുവർഷം ആഘോഷിക്ക ത്തതരത്തിൽ ഡിസംബർ അവസാനവാരത്തിലും ജനുവരി ആദ്യവാരത്തിലുമായി **അഴകോടെ കീഴല്ലൂർ – കീഴല്ലൂർ സാംസ്കാരികോത്സവം** – സംഘടിപ്പിക്കും.

48. സന്തോഷത്തിന്റെ താക്കോൽ തേടി നടക്കുന്നവനാണ് മനുഷ്യൻ. ചെറിയ കാര്യങ്ങളിൽ സംതൃപ്തി കണ്ടെത്താൻ സാധിക്കാത്ത കാലത്തോളം സന്തോഷം നിങ്ങളിൽ നിന്നും അകലെയായിരിക്കും. വളരെ നിസാരമെന്ന് തോന്നുന്ന പലതിനും ഒരുപാട് സംതൃപ്തിയും ആഹ്ലാദവും നൽകാൻ സാധിക്കും. നമ്മുടെ സന്തോഷത്തിന്റെ താക്കോൽ നമ്മുടെ കൈയ്യിൽ തന്നെയാണ്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ **ഹാപ്പിനസ് പാർക്കുകൾ** സ്ഥാപിക്കും. ഇരിപ്പിടങ്ങൾ, മറ്റു വിനോദോപാധികൾ, സെൽഫി കോർണർ, പാനീയങ്ങളും ലഘുഭക്ഷണവും, മൊബൈൽ റീചാർജിങ് സംവിധാനം, വൈഫൈ, ശുദ്ധജലം, ശുചിമുറി, മാലിന്യ നിർമാർജന സംവിധാനം, സേവ് സേവ് ദി ഡേറ്റ് പിറന്നാൾ ആഘോഷം എന്നിവയ്ക്ക് വിനിയോഗിക്കാൻ കഴിയും വിധം ഹാപ്പിനസ്സ് പാർക്കും ഒരുക്കും

49. അംഗനവാടി ശിശുമന്ദിരം അനുപൂരക പോഷകാഹാരം, അംഗൻവാടികൾക്ക് വൈഫൈ കണക്ഷൻ, സ്മാർട്ട് അംഗനവാടികളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കും

50. അംഗനവാടികുട്ടികളുടെ മാനസീകോല്ലാസത്തിനും കൂട്ടായ്മ ഉറപ്പിക്കുന്നതിനുമായി **ആടിയും പാടിയും – അങ്കണവാടി കലാകായിക മേള** സംഘടിപ്പിക്കും

51. യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടി പ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണ ബോധവും സഹവർത്തിത്വവും വളർത്തുക, ഒരു പൊതു സംഗമ വേദിയിൽ ഒരുമിച്ച കൂടുന്നതിന് അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായാണ് സംസ്ഥാന യുവജനക്ഷേമ ബോർഡിൻറെയും കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരളോത്സവത്തിനായി ഒന്നര ലക്ഷം രൂപ വകയിരുത്തും .

52. അത്യാഹിതങ്ങളും പ്രകൃതി ദുരന്തങ്ങളും നമുക്ക് പൂർണ്ണമായും ഒഴിവാക്കാനാവു ന്നതല്ല. പ്രളയത്തിലും പേമാരിയിലും വിറങ്ങലിച്ച് നിൽക്കുന്നതിന് അപ്പുറത്ത് അടിയന്തിര സാഹചര്യങ്ങളെ നേരിടാനാവശ്യമായ ആസൂത്രണവും പരിശീലനവും നൽകേണ്ടതാണ്. ഇത്തരം പരിശീലനങ്ങൾ ആദ്യം ആരംഭിക്കേണ്ടത് സ്കൂൾ കോളജ് തലങ്ങളിലാണ്. വിദ്യാർത്ഥികളെയും യുവജനങ്ങളെയും സന്നദ്ധ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട് കീഴല്ലൂർ ഗ്രീൻ ഫോഴ്സ് രൂപീകരിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കും

53. തെരുവ് വിളക്ക് ലൈൻ വലിക്കൽ , തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ , തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾക്കായി പതിനാല് ലക്ഷം രൂപ വകയിരുത്തും

54. ഒരു പ്രദേശത്തിന്റെ പുരോഗതിയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകം അവിടെത്തെ മെച്ചപ്പെട്ട ഗതാഗത സൌകര്യങ്ങളാണ്. വികസനം എന്നാൽ നല്ല നിലവാരമുള്ള റോഡുകൾ എന്നതാണ് സാധാരണ ജനങ്ങളുടെ കാഴ്ചപ്പാട്. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റ പണിക്കായി ₹ 2,71,66,000 രൂപയും ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി ₹ 45,00,000 രൂപ വകയിരുത്തി പദ്ധതികൾ തയ്യാറാക്കും

55. കനാൽക്കര പാലത്തിന്റെ നിർമ്മാണം ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തീക സഹായത്തോടെ ആരംഭിക്കും.

56. ആവാസവ്യവസ്ഥയുടെ ആരോഗ്യക്ഷമതയുടെ അളവുകോലാണ് ജൈവവൈവിധ്യം. ജൈവവൈവിധ്യമുണ്ടങ്കിൽ ആവാസവ്യവസ്ഥ കൂടുതൽ ആരോഗ്യ മുള്ളതായി കണക്കാക്കപ്പെടുന്നു. കാലാവസ്ഥയുടെ ഭാഗം കൂടിയാണ് ഇത്. ദ്രുതഗതിയിലുള്ള പാരിസ്ഥിതികമാറ്റം ജീവികളുടെയും ചെടികളുടെയും വംശനാശത്തിനും ജൈവവൈവിധ്യത്തിന്റെ ശോഷണത്തിനും കാരണമാകുന്നുണ്ട് .

കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉള്ള **ഞറുങ്ങ കുളം** കേന്ദ്രീകരിച്ച് ജൈവവൈവിധ്യ ഉദ്യാനം മറ്റ് ഏജൻസികളുടെ സഹായത്തോടെ നിർമ്മിക്കും . കൂടാതെ **സ്കൂളുകളിൽ ജൈവ വൈവിധ്യക്ലബുകളുടെ രൂപീകരണം , വെതർ സ്റ്റേഷൻ , ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ എന്നീ പദ്ധതികൾക്ക് കൂടി തുക വകയിരുത്തും.**

ബഹുമാന്യരേ,

മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം കണക്കിലെടുത്ത് സാമ്പത്തികവും സാമൂഹികവുമായ പുരോഗതിയുടെ ഒരു പ്രക്രിയയായി വികസനത്തെ നിർവചിക്കാം.

യാഥാർത്ഥ്യബോധമുള്ളതും നിർവഹണ സാധ്യതയുള്ളതുമായ വികസന നിർദ്ദേശങ്ങളിലൂടെ ഒട്ടേറെ പദ്ധതികൾ വിജയപഥത്തിലെത്തിക്കാൻ സാധിക്കേണ്ടതുണ്ട് .

സുസ്ഥിരമായ വികസനകാഴ്ചപ്പാട് മുന്നോട്ട് വെച്ച് കൊണ്ട് നാം ഏറെ പ്രാധാന്യം കൊടുത്ത കാർഷിക കാർഷികേതര മേഖലയിൽ തുടർന്നു കൊണ്ടു പോകേണ്ട നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിലും ഉൾകൊള്ളിച്ചിട്ടുണ്ട്. ഏത് പ്രതിസന്ധി ഘട്ടത്തിലും നമുക്ക് പ്രവർത്തിക്കാൻ സാധിച്ചത് മാനവികത ഉയർത്തിപ്പിടിച്ച് കൊണ്ടുള്ള കേരളീയരുടെ ഐക്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ്. നവകേരള നിർമ്മിതിയിലും ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

നവോത്ഥാനം ഒരിടത്ത് തുടങ്ങി മറ്റൊരിടത്ത് അവസാനിക്കുന്ന ഒന്നല്ല. മറിച്ച് അതൊരു തുടർ പ്രക്രിയയാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് കൊണ്ടും ആശയാദർശ അടിത്തറയിൽ ഉറച്ച് നിന്നു കൊണ്ടും ജീവിതത്തെ നവീകരിച്ചു കൊണ്ടിരിക്കുക അതിനുള്ള പരിശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്.

ഇരുണ്ട കാലഘട്ടത്തിൽ നിന്ന് നാം വെളിച്ചത്തിലേക്ക് മുന്നേറിയതും ഒറ്റക്കെട്ടായ ഒട്ടേറെ പോരാട്ടങ്ങളിലൂടെയാണ്.

സ്വന്തം ജീവിതത്തിലോ ലോകത്തിലോ ഉള്ള സംഭവങ്ങളോടും സാഹചര്യങ്ങളോടും ബന്ധപ്പെട്ട നല്ല ഫലങ്ങളുടെ പ്രതീക്ഷയെ അടിസ്ഥാനമാക്കിയുള്ള ശുഭാപ്തി വിശ്വാസമുള്ള മാനസികാവസ്ഥയാണ് പ്രതീക്ഷ. ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരു നല്ല വികാരമാണിത്ഇത് നിരാശയെ അതിജീവിച്ച് വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്ന ., ഭാവിയിലേക്കുള്ള പോസിറ്റീവ് ചിന്തയാണ്.

ഒരു പുൽ നാമ്പിനെ പോലും വേദനിപ്പിക്കാതെ , പരിതസ്ഥിതിയെ ചേർത്ത് പിടിച്ച് വർഗ വർണ്ണ രാഷ്ട്രീയ ലിംഗഭേദ വ്യത്യാസമില്ലാതെ ആ ഗ്രാമപഞ്ചായത്തിലെ ഏവർക്കും വികസനത്തിന്റെ തൂവൽസ്പർശം എത്തിക്കാൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് ഈ ബഡ്ജറ്റ് .

ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ –
രില തന്റെ ചില്ലയോടോതി
ഇലയൊന്നു കൊഴിയാതെയിപ്പൊഴും ബാക്കിയുണ്ടെ –
ന്നൊരു ചില്ല കാറ്റിനോടോതി .

ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ –
ന്നൊരു മരം പക്ഷിയോടോതി
ഒരു മരം വെട്ടാതെയൊരു ഒരു കോണിൽ കാണുമെ –
ന്നൊരു കാട് ഭൂമിയോടോതി

ഒരു കാട് ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി

(ഹരിതം – കെ സച്ചിദാനന്ദൻ)

പ്രതീക്ഷയോടെ എന്റെ കീഴല്ലൂരിന്റെ , നിങ്ങളുടെ കീഴല്ലൂരിന്റെ , നമ്മുടെ
നവ കീഴല്ലൂരിന്റെ സൃഷ്ടിക്കായി കൈകോർത്ത് ഒന്ന് ചേരാം

അസമത്വം കുറച്ചുകൊണ്ടുവരിക, ദാരിദ്ര്യ നിർമാർജനം, മതനിരപേക്ഷ സമൂഹം, നൈപുണി വികസനം, പാരിസ്ഥിതിക സന്തുലനം തുടങ്ങിയ ആവട്ടെ കീഴല്ലൂർ പഞ്ചായത്തിൻറെ ലക്ഷ്യം.

ഉൽപ്പാദന വർധന, സമ്പത്തിന്റെ നീതിപൂർവമായ വിതരണം, സാമൂഹിക സ്വസ്ഥത എന്നിവ ഉയർത്തിപ്പിടിച്ച് ഈ ലക്ഷ്യത്തിൻറെ സാക്ഷാത്കാരത്തിനായി ഒരുമിച്ച് മുന്നേറാം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഈ ബഡ്ജറ്റ് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു .

<u>ശ്രീമതി വി വി വനജാക്ഷി</u>

വൈസ് പ്രസിഡണ്ട് &
ധനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

26/02/2026

| ബജറ്റ് സംഗ്രഹം | |
|---|---|
| പ്രാരംഭബാക്കി | 5,0,5,15,171 |
| പ്രതീക്ഷിതവരവുകൾ | |
| നികുതി വരുമാനം | 2,40,00,000 |
| നികുതിയേതരവരുമാനം | 78,85,950 |
| ജനറൽ പർപ്പസ് ഫണ്ട് | 2,00,13,000 |
| സാമൂഹ്യസുരക്ഷ പെൻഷൻ | 9,49,08,000 |
| എം ജി എൻ ആർ ഇ ജി എസ് | 4,00,00,000 |
| ദുരിതാശ്വാസം | 5,000 |
| അഡ്വാൻസ് ഡെപ്പോസിറ്റ് വരവുകൾ | 31,25,000 |
| വികസനഫണ്ട്(പൊതുവിഭാഗം) | 2,38,59,000 |
| പട്ടികജാതി വിഭാഗം | 11,77,000 |
| മെയിൻറനൻസ് ഫണ്ട്(റോഡ് ) | 2,71,66,000 |
| മെയിൻറനൻസ് ഫണ്ട്(റോഡിതരം) | 31,23,000 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് | 61,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 18,14,290 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 98,18,598 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 18,00,000 |
| ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ | 15,00,000 |
| ഗുണഭോക്തൃവിഹിതം, മറ്റ് ഏജൻസി വരവ് | 15,00,000 |
| ആകെ വരവുകൾ | 2,6,77,94,838 |

| പ്രതീക്ഷിതചെലവുകൾ | |
|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ , ശമ്പളം, ഹോണറേറിയം മുതലായവ | 2,28,75,500 |
| ഭരണചെലവുകൾ | 36,94,000 |
| അനിവാര്യചെലവുകൾ | 37,58,000 |
| സാമൂഹ്യസുരക്ഷ പെൻഷൻ | 9,49,08,000 |
| എം ജി എൻ ആർ ഇ ജി എസ് ചെലവുകൾ(റവന്യൂ,ക്യാപിറ്റൽ) | 4,00,00,000 |
| അഡ്വാൻസ്,ഡപ്പോസിറ്റ് ചെലവുകൾ | 34,61,000 |
| ജനകീയാസൂത്രണപദ്ധതി ചെലവുകൾ | 9,98,47,888 |
| ആകെ ചെലവുകൾ | 26,85,44,388 |

| ബഡ്ജറ്റ് സംഗ്രഹം | |
|---|---|
| പ്രാരംഭബാക്കി | 5,05,15,171 |
| പ്രതീക്ഷിതവരവുകൾ | 26,77,94,838 |
| ആകെ വരവുകൾ | 31,83,10,009 |
| ആകെ ചെലവുകൾ | 26,85,44,388 |
| നീക്കിയിരിപ്പ് | 4,97,65,621 |